# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4449    22/07/2015-ൽ മറുപടിയ്ക്ക്**

## എറണാകുളത്തെ വല നിർമ്മാണ ഫാക്ടറി

**ചോദ്യം**

**ശ്രീ. കെ. വി. അബ്ദുൾ ഖാദർ:**

(എ) എറണാകുളത്തെ വലനിർമാണ ഫാക്ടറിയിലെ പഴയ വല നിർമ്മാണ യന്ത്രങ്ങൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ യന്ത്രങ്ങൾ സ്ഥാപിക്കാനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതെല്ലാം ഇനിയും സ്ഥാപിക്കാനുണ്ട്; വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) യും (ബി) യും എറണാകുളം ജില്ലയിൽ സ്ഥിതി ചെയ്യുന്ന പഴയ വല നിർമ്മാണശാലയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപയാണ് 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ തുകയൊന്നും തന്നെ ഇതുവരെ ചെലവഴിച്ചിട്ടില്ല. പ്രസ്തുത ഫാക്ടറിയുടെ നവീകരണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ എറണാകുളം വല നിർമ്മാണ ശാലയിലെ പഴയതും ഉത്പാദന ക്ഷമത കുറഞ്ഞതും കാലഹരണപ്പെട്ടതുമായ 7 മെഷീനറികൾ മാറ്റി പുതിയ വിദേശ നിർമ്മിത മെഷിനറികൾ ഇറക്കുമതി ചെയ്ത് സ്ഥാപിക്കുന്നതിന് വേണ്ടി ആഗോള ടെണ്ടർ (ഐ.സി.ബി) ക്ഷണിച്ച് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ മെഷിനറികൾക്ക് ഓർഡർ നല്കിയിട്ടുണ്ട്. എത്രയും വേഗം തന്നെ മെഷിനറികൾ ഇറക്കുമതി ചെയ്ത് സ്ഥാപിച്ച് വലനിർമ്മാണ ശാലയുടെ ആദ്യഘട്ട നവീകരണ പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ആഫീസർ